## പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4614** **25.06.2019 –ൽ മറുപടിയ്ക്ക്**

**ദുർബല വിഭാഗത്തിൽപ്പെട്ടവർക്കായി ഭവന നിർമ്മാണ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന<br>നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അത്തരക്കാർക്ക് വീട്ട് നിർമ്മിച്ച് നൽകുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) സ്വന്തമായി ഭൂമിയുള്ള, ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിച്ച് നൽകുന്ന എന്തെങ്കിലും പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) യും (ബി) യും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സ്വന്തമായി 2 cent/3 cent ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS) /താഴ്ന്ന വരുമാന വിഭാഗം (LIG) എന്നിവയിൽ പ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡി യോടും കൂടി വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപ നൽകുന്ന ഗൃഹശ്രീ പദ്ധതി 2013-14 വർഷം മുതൽ ബോർഡ് നടപ്പിലാക്കി വരുന്നു. ഇതിനായി സന്നദ്ധ സംഘടനകൾ 1 ലക്ഷം രൂപയും, ഗുണഭോക്താവ് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപ നിർമ്മാണഘട്ട പരിശോധനയുടെ അടിസ്ഥാനത്തിൽ 4 ഗഡുക്കളായി വിതരണം ചെയ്യുന്നു. ഇതു കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗക്കാർക്ക് സാഫല്യം പദ്ധതി പ്രകാരവും ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകി വരുന്നു. കൂടാതെ ലൈഫ് മിഷനിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തും ഹൗസിങ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് വകയിരുത്തിയിരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**